# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 38 — 02/12/2014-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള വിജിലൻസ് സമിതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. പി.റ്റി.എ. റഹീം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവിഭാഗക്കാരുടെ ക്ഷേമത്തിനായി മുഖ്യമന്ത്രി ചെയർമാനായി നിയമിച്ച സംസ്ഥാന വിജിലൻസ് സമിതിയും കളക്ടർ ചെയർമാനായി നിയമിച്ച ജില്ലാ വിജിലൻസ് സമിതിയും യോഗം ചേർന്ന് ആദിവാസിക്ഷേമം അവലോകനം നടത്താറുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ച ശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 2008 മുതൽ 6 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ജില്ലാതല യോഗം ചേർന്നത് സംബന്ധിച്ച് ലിസ്റ്റ് **അനുബന്ധമായി** ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സമിതികൾ യോഗം ചേർന്ന് യഥാസമയം ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം നടത്താത്തതു കാരണം ഈ മേഖലയിൽ നടക്കുന്ന അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും തടയുന്നതിന് സാധിക്കുന്നില്ല എന്ന പരാതിയെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ? | (സി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനമാണ് മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നടത്തി വരുന്നത്. ആദിവാസി ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് വകുപ്പ് മന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും യഥാസമയം അവലോകനം നടത്താറുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും നടത്തുന്നതായ പരാതികൾ ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അതാത് പ്രദേശത്തെ എം.എൽ.എ (ചെയർമാൻ), പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി ഇവ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം

| ക്രമ നം | ജില്ല | |
|---|---|---|
| 1 | തിരുവനന്തപുരം | 2012-2014 വരെ 11 തവണ |
| 2 | കൊല്ലം | 2004-2014 വരെ 28 തവണ |
| 3 | പത്തനംതിട്ട | 2007-2014 വരെ 28 തവണ |
| 4 | ആലപ്പുഴ | 2012-2014 വരെ 10 തവണ |
| 5 | കോട്ടയം | 2012-2014 വരെ 10 തവണ |
| 6 | ഇടുക്കി | 2004-2014 വരെ 29 തവണ |
| 7 | എറണാകുളം | 2012-2014 വരെ 8 തവണ |
| 8 | തൃശ്ശൂർ | 2004-2014 വരെ 32 തവണ |
| 9 | പാലക്കാട് | 2004-2014 വരെ 21 തവണ |
| 10 | മലപ്പുറം | 2012-2014 വരെ 11 തവണ |
| 11 | കോഴിക്കോട് | 2012-2014 വരെ 10 തവണ |
| 12 | വയനാട് | 18 തവണ |
| 13 | കണ്ണൂർ | 2008-2014 വരെ 22 തവണ |
| 14 | കാസർഗോഡ് | 2012-2014 വരെ 9 തവണ |

R.V.

സെക്ഷൻ ഓഫീസർ